അധികമാകുമെന്നു പറഞ്ഞുവല്ലോ. നിലവിലുള്ള മൊത്തം വോട്ടർമാരുടെ പതിനൊന്നു ശതമാനത്തോളം ആയിരിക്കും ഇതു്. ഈ പുതിയ വോട്ടർമാർ ആർക്ക് വോട്ടുചെയ്യും? ഇവരുടെ വോട്ടുകൾ ഇന്ത്യയിൽ ഇന്നു നിലവിലുള്ള രാഷ്ട്രീയ സന്തുലനത്തിൽ എന്തു മാററങ്ങളാണു് ഉണ്ടാക്കുക? വോട്ടവകാശപ്രായം ചുരുക്കുന്നതിലടങ്ങിയ രാഷ്ട്രീയപ്രശ്നം ഇതാണു്.

ഇപ്പോൾ ശരാശരി ഒരു പാർലമെൻററി നിയോജകമണ്ഡലത്തിൽ ഏഴു ലക്ഷത്തി തൊണ്ണൂററി രണ്ടായിരം വോട്ടർമാരുണ്ടു്. പതിനെട്ടിനും ഇരുപത്തൊന്നിനും മദ്ധ്യേ വയസ്സുള്ള എൺപത്തേഴായിരം യുവാക്കളെക്കൂടി വോട്ടർമാരാക്കിയാൽ ഒരു പാർലമെൻററി നിയോജകമണ്ഡലത്തിലെ വോട്ടർമാരുടെ ശരാശരി എണ്ണം എട്ടുലക്ഷത്തി എൺപത്തേഴായിരമായി വർദ്ധിക്കും. പതിനൊന്നു ശതമാനം വർദ്ധനയാണു് വോട്ടർമാരുടെ ആകെ എണ്ണത്തിൽ ഇതുകൊണ്ടു് ഉണ്ടാവുക എന്നു പറഞ്ഞുവല്ലോ.

തെരഞ്ഞെടുപ്പുവിജയത്തെ സംബന്ധിച്ചിടത്തോളം വോട്ടർമാരുടെ പതിനൊന്നു ശതമാനമെന്നതു് പലപ്പോഴും നിർണായകഘടകമാണു്. പ്രത്യേകിച്ചും പല സ്ഥാനാർത്ഥികൾ ഒരേ സമയത്തു മത്സരിക്കുന്ന നിയോജകമണ്ഡലങ്ങളിൽ. പ്രായം കുറഞ്ഞ പുതിയ വോട്ടർമാർ ആർക്കുവേണ്ടിയായിരിക്കും വോട്ടുചെയ്യുക?

അവർ കോൺഗ്രസ്സിനുവേണ്ടി വോട്ടുചെയ്യുമെന്നു് രാജീവ്ഗാന്ധിയും നരസിംഹറാവുവും കരുതിയപ്പോൾ, കോൺഗ്രസ് പ്രവർത്തകസമിതിയിലെ ജനറൽ സെക്രട്ടറി ജഗന്നാഥ് പഹാഡിയയും സീതാറാം കേസരിയും കരുതിയതു നേരേ മറിച്ചാണെന്നു പത്രങ്ങളിൽ റിപ്പോർട്ടുണ്ടായിരുന്നു. പതിനെട്ടിനും ഇരുപത്തൊന്നിനും ഇടയ്ക്കു പ്രായമുള്ളവർ കോൺഗ്രസ്സിനെതിരായി വോട്ടുചെയ്യാനാണു് സാധ്യതയെന്നും അതിനാൽ അവർക്കു് വോട്ടവകാശം നൽകരുതെന്നും പഹാഡിയയും കേസരിയും ശക്തിയായി വാദിച്ചുവത്രേ.

കോൺഗ്രസ് ഇതര പാർട്ടികൾക്കാണു് കൂടുതൽ അച്ചടക്കമുള്ള വിദ്യാർത്ഥി യുവജനവിഭാഗങ്ങളുള്ളതു് എന്നാണു് പൊതുജനബോധ്യം. ഈ നില വെച്ചു നോക്കുമ്പോൾ വോട്ടവകാശത്തിന്റെ പ്രായപരിധിയിൽ ഇളവു വരുത്തുന്നതുകൊണ്ടു് കൂടുതൽ പ്രയോജനമുണ്ടാവുക കോൺഗ്രസ് ഒഴികെയുള്ള പാർട്ടികൾക്കാണെന്നു കരുതാനേ ന്യായം കാണുന്നുള്ളു. പക്ഷേ, യുവജനങ്ങളുടെ തള്ളിക്കയററം ഈ പാർട്ടികൾക്കകത്തു് ഇപ്പോഴുള്ള അധികാരസന്തുലനത്തെ തകരാറിലാക്കിയേക്കാം.

രാഷ്ട്രത്തിന്റെ ഭാഗധേയം രൂപപ്പെടുത്തുന്നതിലും നിയന്ത്രിക്കുന്നതിലും യുവജനങ്ങൾക്കു പങ്കാളിത്തം കൊടുക്കാൻ വൃദ്ധാധിപത്യത്തിൽ പുലരുന്ന നമ്മുടെ രാഷ്ട്രീയകക്ഷികൾ തയ്യാറാണോ എന്നതാണു് ഏററവും മുഖ്യമായ പ്രശ്നം. ഏതായാലും വോട്ടർമാരുടെ പ്രായപരിധിയിൽ ഇളവുവരുത്തുന്നതു സംബന്ധിച്ച നിയമം പാർലമെൻറിൽ വരുംമുമ്പു് ജനങ്ങൾക്കിടയിൽ അതിന്റെ ഗുണദോഷങ്ങൾ സംബന്ധിച്ച് വ്യാപകവും ഉദ്ബുദ്ധവുമായ ചർച്ച നടക്കുന്നതു് പ്രയോജനകരമായിരിക്കും.

(31 ഒക്ടോബർ, 1988)

# 37. മാനനഷ്ട ബിൽ

'1988–ലെ മാനനഷ്ടബിൽ നിരുപാധികമായും അസന്ദിഗ്ദ്ധമായും പിൻവലിക്കുമെന്നു് ഉറപ്പുവരുത്താൻ എല്ലാ പ്രയത്നവും അനുഷ്ഠിക്കുമെന്നും, അതിനായി എന്തു ത്യാഗവും കഷ്ടപ്പാടും ഒഴിവാക്കുകയില്ലെന്നും പത്രപ്രവർത്തനസേവനത്തിലെ അംഗങ്ങളായ ഞങ്ങൾ ഇന്നിവിടെ പ്രതിജ്ഞചെയ്യുന്നു. ദയമോ

പക്ഷപാതമോ കൂടാതെ ജനങ്ങൾക്ക് വിവരം നൽകുകയെന്ന ഞങ്ങളുടെ മൗലികാവകാശത്തെ ഗവൺമെൻറ് വെല്ലുവിളിച്ചിരിക്കുകയാണ്. ഈ വെല്ലുവിളി ഞങ്ങൾ സ്വീകരിച്ചിരിക്കുന്നു എന്നാണ് ഇന്ന് ഇവിടെ ഞങ്ങൾ നൽകുന്ന മറുപടി. ഇന്ത്യൻ റിപ്പബ്ലിക്കിൻെറ സ്ഥാപകർ ഞങ്ങൾക്ക് ഉറപ്പു നൽകിയ, എടുത്തുകളയാനാവാത്ത അവകാശമാണ് അഭിപ്രായപ്രകടന സ്വാതന്ത്ര്യം. ഞങ്ങളുടെ രക്തം അവസാനത്തെ തുള്ളിവരെ ചിന്തിയും ഞങ്ങൾ ആ അവകാശം സംരക്ഷിക്കും.' 1988 സെപ്തംബർ 5–ാം തീയതി ദൽഹിയിലെ ബോട്ട് ക്ലബ്ബ് മൈതാനത്തിൽ ഒത്തുചേർന്ന് ഇന്ത്യയിലെ പത്രപ്രവർത്തകർ കൈക്കൊണ്ട പ്രതിജ്ഞയിൽനിന്നാണ് ഈ ഉദ്ധാരണം. കേന്ദ്ര ഗവൺമെൻറ് ആഗസ്റ്റ് 29–ാം തീയതി ലോക്സഭയിൽ അവതരിപ്പിച്ച് കഷ്ടിച്ച് ഒമ്പതു മണിക്കൂർ സമയത്തെ അപര്യാപ്തങ്ങളായ ചർച്ചകൾക്കുശേഷം 30–ാം തീയതി പാസ്സാക്കിയെടുത്ത മാനനഷ്ട (ഡിഫമേഷൻ) ബിൽ ഇന്ത്യയിലെ പത്രപ്രവർത്തകരുടെ സംഘടിതമായ എതിർപ്പിൻ ഫലമായി മുൻനിശ്ചയപ്രകാരം സെപ്തംബർ 5–ാം തീയതി രാജ്യസഭയിൽ അവതരിപ്പിച്ച് പാര്യന്തികമായി പാസ്സാക്കാതെ, അനിശ്ചിതകാലത്തേക്ക് മാററിവെച്ചിരിക്കുകയാണ്. ബില്ലിനെപ്പററി പത്രപ്രതിനിധികളുമായി ചർച്ച നടത്തുവാൻ ഗവൺമെൻറ് ഏഴ് അംഗങ്ങളുള്ള ഒരു മന്ത്രിസഭാ കമ്മററി രൂപവൽക്കരിച്ചിട്ടുണ്ട്. ഈ കമ്മററിയുമായി ചർച്ചചെയ്യേണ്ടതില്ലെന്നാണ് പത്രപ്രതിനിധികൾ തീരുമാനിച്ചിട്ടുള്ളത്. മാനനഷ്ടബിൽ പൂർണമായും പിൻവലിക്കുന്നതിൽ കുറഞ്ഞ ഒന്നും അവർക്ക് സ്വീകാര്യമല്ല. ഈ ആവശ്യത്തിനു പിന്നിൽ പൊതുജനാഭിപ്രായം സംഘടിപ്പിക്കാനായി സെപ്തംബർ 6–ാം തീയതി ഇന്ത്യയിലെ എല്ലാ പത്രസ്ഥാപനങ്ങളും അടച്ചിടുകയും അവയിലെ എല്ലാ ജീവനക്കാരും പണിമുടക്കുകയുമുണ്ടായി. പത്രപ്രവർത്തകർ മാത്രമല്ല, എല്ലാ പ്രതിപക്ഷ കക്ഷികളും മുൻരാഷ്ട്രപതി സെയിൽസിംഗ് അടക്കം പല സ്വതന്ത്ര നേതാക്കളും മാനനഷ്ടബിൽ പിൻവലിക്കാൻ കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഈ ബില്ലിനെതിരെ ഉയർന്നതുപോലെയുള്ള സാർവത്രികമായ പ്രതിഷേധം രാജീവ്ഗാന്ധിയുടെ നേതൃത്വത്തിലുള്ള കേന്ദ്രസർക്കാരിൻെറ മറെറാരു നടപടിക്കും എതിരേ ഉയരുകയുണ്ടായിട്ടില്ല.

ഈ പശ്ചാത്തലത്തിൽ മാനനഷ്ടബില്ലിൻെറ ഉള്ളടക്കത്തെപ്പററിയും എന്തുകൊണ്ട് അത് ജനാധിപത്യവ്യവസ്ഥിതിക്ക് ഭീഷണിയാണെന്നതിനെപ്പററിയും വ്യക്തമായ ധാരണ നമുക്കെല്ലാം ഉണ്ടായിരിക്കേണ്ടതാണ്.

ഇന്ത്യയിലെ എല്ലാ പൗരന്മാർക്കും 'സംസാരസ്വാതന്ത്ര്യത്തിനും അഭിപ്രായപ്രകടന സ്വാതന്ത്ര്യത്തിനും അവകാശം' ഉണ്ടെന്ന് ഭരണഘടനയിലെ 19–ാം വകുപ്പ് പ്രഖ്യാപിക്കുന്നു. ഈ അവകാശത്തിൽ 'വിവരം അറിയാനുള്ള അവകാശം' കൂടി അന്തർഭവിച്ചിരിക്കുന്നു. പത്രസ്വാതന്ത്ര്യത്തിൻെറ അടിസ്ഥാനം ഭരണഘടനയുടെ ഈ വകുപ്പാകുന്നു. ഇതൊരു മൗലികാവകാശമാകയാൽ അത് 'എടുത്തുകളയുകയോ കുറയ്ക്കുകയോ ചെയ്യുന്ന യാതൊരു നിയമവും രാഷ്ട്രം നിർമിക്കുവാൻ പാടില്ല' എന്ന് ഭരണഘടനയിലെ 13–ാം വകുപ്പ് വ്യവസ്ഥ ചെയ്യുന്നു. അതേസമയം ഒരാൾ മറെറാരാൾക്ക് മാനഹാനി വരുത്തുന്നതിൽ നിയന്ത്രണങ്ങൾ ചുമത്താൻ രാഷ്ട്രത്തിന് അധികാരമുണ്ടെന്ന് 19–ാം വകുപ്പിലെ 2–ാം ഉപവകുപ്പ് വ്യക്തമാക്കുന്നുമുണ്ട്.

ഒരാൾ മറെറാരാൾക്ക് മാനനഷ്ടം വരുത്തുന്ന തരത്തിലുള്ള അസത്യപ്രസ്താവനകൾ നടത്തുന്നത് കുററമായാണ് ഇന്ത്യയിൽ എത്രയോ വർഷങ്ങളായി പരിഗണിക്കപ്പെടുന്നത്. ഈ കുററവും അതിനുള്ള ശിക്ഷകളും ബ്രിട്ടീഷ് ഭരണാധികാരികൾ തയ്യാറാക്കി നടപ്പിൽ വരുത്തിയതും ഇന്നും ബലത്തിലുള്ളതുമായ ഇന്ത്യൻ പീനൽ കോഡിൻെറ 21–ാം അദ്ധ്യായത്തിൽ 499 മുതൽ 502 കൂടിയുള്ള വകുപ്പുകളിൽ പ്രതിപാദിക്കപ്പെട്ടിരിക്കുന്നു. ഈ വകുപ്പുകൾ ഇപ്പോഴത്തെ സാഹചര്യങ്ങളിൽ അപര്യാപ്തങ്ങളാണെന്നും ജനാ

ധിപത്യത്തിന്റെ സാരസർവസ്വമായ സംഭാഷണ സ്വാതന്ത്ര്യം, വായാടിത്ത സ്വാതന്ത്ര്യം (ലൈസൻസ്) ആയി അധഃപതിക്കാതിരിക്കുന്നതിനു് മാന നഷ്ടക്കേസുകൾ കൂടുതൽ ഫലപ്രദമായി നേരിടേണ്ടതുണ്ടെന്നും നിലവിലുള്ള സർക്കാരിനു് എങ്ങനെയോ ബോദ്ധ്യം വന്നിരിക്കണം. ഇതിനായി, മാന്യതയ്ക്കു തീരെ നിരക്കാത്ത പ്രസ്താവങ്ങളും ആഭാസശകാരങ്ങളും പണം പിടുങ്ങുന്നതിനുദ്ദേശിച്ചുള്ള അപവാദപ്രചാരണ ഭീഷണികളും പത്രങ്ങളിൽ പ്രസിദ്ധീകരിക്കുന്നതിനെയും നിലവിലുള്ള നിയമപ്രകാരം കുറ്റമായ ഒരു കാര്യം ഒരാൾ ചെയ്തുവെന്നു് കളവായി ആരോപിക്കുന്നതിനെയും ശിക്ഷാർഹമാക്കുക എന്നതാണു് വിവാദവിഷയമായ മാനനഷ്ടബില്ലിന്റെ ലക്ഷ്യമായി പറയപ്പെടുന്നതു്.

നാലു് അദ്ധ്യായങ്ങളിലായി 22 വകുപ്പുകൾ മാനനഷ്ടബില്ലിലുണ്ടു്. സാധാരണരീതിയിലുള്ള നിർവചനങ്ങളും മറ്റും അടങ്ങുന്നതാണു് ഒന്നാമദ്ധ്യായം. രണ്ടാമത്തെ അദ്ധ്യായത്തിൽ മാനനഷ്ടം (ഡിഫമേഷൻ) എന്നാൽ, എന്തു് എന്നു് നിർവചിക്കുകയും അതിനുള്ള ശിക്ഷ വിധിക്കുകയും ചെയ്യുന്നു. മറ്റൊരാൾക്കു് ഉപദ്രവം ചെയ്യണമെന്നു് ഉദ്ദേശിച്ചോ, അയാളുടെ സൽപ്പേരിനു ഹാനിതട്ടുമെന്നറിഞ്ഞോ വിശ്വസിച്ചോ അയാൾക്കെതിരെ സംസാരത്തിലൂടെയോ എഴുത്തിലൂടെയോ സങ്കേതങ്ങളിലൂടെയോ ചിത്രങ്ങളിലൂടെയോ എന്തെങ്കിലും ആരോപണങ്ങൾ ഉന്നയിക്കുകയോ പ്രസിദ്ധപ്പെടുത്തുകയോ ചെയ്യുന്നതാണു് മാനം നഷ്ടപ്പെടുത്തൽ. ഇങ്ങനെ അന്യന്റെ മാനം നഷ്ടപ്പെടുത്തിയ ആൾക്കു് കുറ്റം ആദ്യത്തേതാണെങ്കിൽ രണ്ടു വർഷത്തോളം നീണ്ടുനില്ക്കുന്ന തടവോ രണ്ടായിരം രൂപയോളം വരുന്ന പിഴയോ രണ്ടും കൂടിയോ നല്കാം. രണ്ടാമതോ തുടർന്നോ ഇതേ കുറ്റം ചെയ്യുന്ന ആൾക്കു് അഞ്ചുവർഷത്തോളം തടവോ അയ്യായിരം രൂപയോളം പിഴയോ രണ്ടും ചേർന്നോ വിധിക്കാം (5—ാം വകുപ്പു്, ഒന്നാം ഉപവകുപ്പു്). ഏതെങ്കിലും പത്രത്തിൽ പ്രസിദ്ധപ്പെടുത്തിയ ലേഖനമാണു് മാനനഷ്ടത്തിനു കാരണമെങ്കിൽ, കോടതിയുടെ വിധിന്യായം മുഴുവനായോ അതിന്റെ ഏതെങ്കിലും ഭാഗമോ തങ്ങൾ നിർദ്ദേശിക്കുന്ന വിധത്തിൽ അതേ പത്രത്തിൽ പ്രസിദ്ധീകരിക്കണമെന്നു വിധിക്കാൻ കോടതിയെ 5—ാം വകുപ്പിലെ 2—ാം ഉപവകുപ്പു് അധികാരപ്പെടുത്തുന്നു. താൻ ആധിപത്യം വഹിക്കുന്ന പത്രത്തിൽ എന്തു പ്രസിദ്ധീകരിക്കണമെന്നു തീരുമാനിക്കാൻ പത്രാധിപർക്കുള്ള സർവാംഗീകൃതവും അനിഷേധ്യവുമായ അധികാരത്തിന്മേലാണു് ഇവിടെ മാനനഷ്ടനിയമം കൈയേറ്റം നടത്തുന്നതു്. ഇതിനെതിരെ ശക്തിയായ പ്രതിഷേധം ഉയർന്നിട്ടുണ്ടു്.

രണ്ടാം അദ്ധ്യായത്തിലെ 8—ാം വകുപ്പു് ആരംഭിക്കുന്നതു് ഇങ്ങനെയാണു്:

'മാന്യതയ്ക്കു തീരെ നിരക്കാത്തതോ ആഭാസശകാരമോ പണം പിടുങ്ങാനുദ്ദേശിച്ചുള്ള അപവാദപ്രചാരണഭീഷണിയോ ഏതെങ്കിലും പത്രത്തിലോ ആനുകാലികത്തിലോ സർക്കുലറിലോ പ്രസിദ്ധീകരിച്ചാൽ ലേഖകൻ, പത്രത്തിന്റെയോ ആനുകാലികത്തിന്റെയോ സർക്കുലറിന്റെയോ പ്രിന്റർ, പബ്ലിഷർ, എഡിറ്റർ എന്നിവർക്കു്, കുറ്റം ആദ്യത്തേതാണെങ്കിൽ രണ്ടു വർഷത്തോളം തടവോ രണ്ടായിരം രൂപവരെ പിഴയോ രണ്ടും ചേർന്നോ വിധിക്കാം; കുറ്റം രണ്ടാംതവണത്തെയോ തുടർന്നുള്ളതോ ആണെങ്കിൽ തടവു് അഞ്ചു വർഷത്തോളവും പിഴ അയ്യായിരം രൂപയോളവും ആക്കാം.

ഈ വാക്യത്തിലെ 'മാന്യതയ്ക്കു തീരെ നിരക്കാത്തതു്' (ഗ്രോസ്‌ലി ഇൻഡീസന്റ്)', 'ആഭാസശകാരം' (സ്കറിലസ്)' എന്നിവ നിർവചിക്കപ്പെട്ടിട്ടില്ല. നിഘണ്ടുക്കളിൽ പല അർത്ഥങ്ങൾ നൽകപ്പെട്ടിട്ടുള്ള പദങ്ങൾകൊണ്ടു കുറ്റം വിവരിക്കപ്പെടുന്നിടത്തു്, വിധികർത്താവിനു് ഇഷ്ടമില്ലാത്തതെല്ലാം കുറ്റമായിത്തീരാവുന്നതേയുള്ളു. മാനനഷ്ടനിയമത്തിൽ പല നിയമവിദഗ്ദ്ധരും ചൂണ്ടിക്കാണിച്ചിട്ടുള്ള മറ്റൊരു ദോഷം ഇതാണു്.

മറ്റൊരാൾക്കു് മാനനഷ്ടം വരുത്തുമാറു് ഒരാൾ ചെയ്ത (പ്രസിദ്ധീകരിച്ച)

പ്രസ്താവന സത്യമോ ഉത്തമബോധ്യത്തോടെയും പൊതുനന്മയെ മുൻനിർത്തിയും ചെയ്തതോ (പ്രസിദ്ധീകരിച്ചതോ) ആണെങ്കിൽ ശിക്ഷാർഹമാവുകയില്ലെന്ന് രണ്ടാമദ്ധ്യായത്തിലെ 4–ാം വകുപ്പ് പറയുന്നു. മാനനഷ്ടമുണ്ടാക്കുന്ന പ്രസ്താവന നിയമസഭ മുതലായ ചില സംഘടനകളുടെ നടപടികൾ ശരിയായി റിപ്പോർട്ടുചെയ്യുന്നതിനിടയ്ക്ക് സംഭവിച്ചതാണെങ്കിൽ ശിക്ഷാർഹമായി പരിഗണിക്കപ്പെടുകയില്ലെന്ന് 11–ാം വകുപ്പിലും പറഞ്ഞിരിക്കുന്നു. പക്ഷേ, ഈ വകുപ്പുകൾപ്രകാരം ശിക്ഷയിൽനിന്നു തന്നെ ഒഴിവാകണമെന്നു വാദിക്കുന്നയാൾക്ക് സ്വന്തം നിരപരാധിത്വം തെളിയിക്കേണ്ട ബാധ്യതയുണ്ടായിരിക്കുമെന്ന് 12–ാം വകുപ്പ് വ്യവസ്ഥചെയ്യുന്നു. ഇന്ത്യൻ ശിക്ഷാനിയമമനുസരിച്ച് പ്രതി കുറ്റം ചെയ്തതായി തെളിയിക്കേണ്ടതു് വാദിയുടെ ബാധ്യതയാണ്. കുറ്റം തെളിയിക്കപ്പെടുംവരെ പ്രതിയെ നിരപരാധിയെന്നുതന്നെ കണക്കാക്കണം. ഈ അടിസ്ഥാനസങ്കല്പം ഇവിടെ അട്ടിമറിക്കപ്പെട്ടിരിക്കുന്നു. മാനനഷ്ടബില്ലിനെതിരെ ഏറ്റവും കടുത്ത വിമർശനങ്ങൾ ഉയരുന്നതിനു കാരണമായിട്ടുള്ളതു് ഈ വകുപ്പാകുന്നു.

ഒരാൾ നിലവിലുള്ള നിയമപ്രകാരം കുറ്റമായ ഒരു കാര്യം ചെയ്തുവെന്നോ ചെയ്തില്ലെങ്കിൽ കുറ്റമായ ഒരു കാര്യം ചെയ്യാതിരുന്നുവെന്നോ അസത്യമായി മറ്റൊരാൾ ആരോപിക്കുന്നതിനെ ശിക്ഷാർഹമായ ഒരു കുറ്റമാക്കുന്നതാണ് മാനനഷ്ടബില്ലിലെ 13–ാം വകുപ്പ്. ഈ കുറ്റം ആദ്യമായി ചെയ്യുന്ന ആൾക്ക് ഒരു മാസംമുതൽ ഒരു വർഷംവരെ തടവും രണ്ടായിരം രൂപവരെ പിഴയും വിധിക്കപ്പെടാം. കുറ്റം ആവർത്തിക്കുകയാണെങ്കിൽ മൂന്നു മാസംമുതൽ രണ്ടു വർഷംവരെ തടവും അയ്യായിരം രൂപവരെ പിഴയുമായി ശിക്ഷ വർദ്ധിപ്പിക്കുകയും ആവാം. സർക്കാരുദ്യോഗസ്ഥന്മാർ, മന്ത്രിമാർ, രാഷ്ട്രീയപ്രവർത്തകർ മുതലായവരെ കുറ്റാരോപണങ്ങളിൽനിന്നു മോചിപ്പിക്കുകയെന്നതാണ് ഈ വകുപ്പിന്റെ ലക്ഷ്യം എന്നു സ്പഷ്ടം. ഇന്ത്യൻ പീനൽകോഡിൽ ഇന്നോളം കുറ്റമായി പരിഗണിക്കപ്പെടാത്ത ഒരു പ്രവൃത്തിയായ 'കുറ്റാരോപണം' ഈ വകുപ്പുമൂലം കുറ്റമായിത്തീർന്നിരിക്കുന്നു. മാത്രമല്ല, ആരോപണവിധേയനായ വ്യക്തി സെഷൻസ് കോടതിയിലേക്ക് ഒരു പരാതി എഴുതിക്കൊടുത്താൽ കമ്മിറ്റ് ചെയ്യപ്പെടാതെതന്നെ ആ കേസ് സെഷൻസ് കോടതിക്ക് വിചാരണചെയ്യാമെന്നും വ്യവസ്ഥചെയ്തിരിക്കുന്നു. ഇന്ത്യയിൽ ഏതു പ്രദേശത്തുമുള്ള സെഷൻസ് കോടതിക്കും ഇങ്ങനെ കേസ്സെടുത്തു വിചാരണ നടത്താം. അതായതു് കേരളത്തിൽ പ്രസിദ്ധീകരിച്ച മാനഹാനികരമായ ഒരു ലേഖനം സംബന്ധിച്ച വിചാരണ പഞ്ചാബിലോ അസമിലോ വെച്ച് ആകാൻ വിരോധമില്ല. സെഷൻസ് കോടതിയിൽ വിചാരണ തുടർച്ചയായി മൂന്നുമാസംവരെ നീണ്ടുനില്ക്കും. കേസ് ഒരു പത്രപ്രവർത്തകനു് (എഡിറ്റർക്കോ പ്രിന്റർക്കോ പബ്ലിഷർക്കോ) എതിരായിട്ടാണെങ്കിൽ അയാൾ എല്ലാ വിചാരണദിവസങ്ങളിലും (അതായതു്, മൂന്നു മാസത്തോളം തുടർച്ചയായി) കോടതിയിൽ ഹാജരാകണം. ഈ വ്യവസ്ഥയിൽനിന്ന് ഒഴിവുകിട്ടണമെങ്കിൽ കേസ്സിലെ വാദിയുടെ ഒരു (മറുപടി) പ്രസ്താവന സ്വന്തം പത്രത്തിൽ കേസ്സിനു കാരണമായ ലേഖനത്തിനു നൽകിയ അതേ പ്രാധാന്യത്തോടെ പ്രതി പ്രസിദ്ധീകരിച്ചിരിക്കണമെന്നതാണ് ബില്ലിലെ അസാധാരണമായ ഒരു വ്യവസ്ഥ. (18–ാം വകുപ്പിലെ 1–ാം ഉപവകുപ്പ്). ഇതെത്രമാത്രം അസംബന്ധമാണെന്നു പറയേണ്ടതില്ല. ഉദാഹരണത്തിന്, ഡ്രൈവിങ് ലൈസൻസില്ലാത്ത ഒരാൾ കാറോടിച്ച് അപകടത്തിനിടവരുത്തി എന്നു പത്രത്തിൽ പ്രസിദ്ധീകരിക്കുന്നു എന്നു വെക്കുക. ഇതിനു മറുപടിയായി പത്രാധിപർ (അല്ലെങ്കിൽ പ്രിന്ററോ പബ്ലിഷറോ) മദ്യപാനിയും വേശ്യാലമ്പടനുമാണെന്ന ഒരു പ്രസ്താവന ആരോപണവിധേയനായ വ്യക്തി എഴുതിക്കൊടുത്താൽ അതു് അങ്ങനെതന്നെ സ്വന്തം പത്രത്തിൽ ചേർക്കാത്ത പത്രാധിപർ (അല്ലെങ്കിൽ പ്രിന്ററോ പബ്ലിഷറോ) കേസ് വിചാരണ നടക്കുന്ന കാലമത്രയും കോടതിയിൽ കാത്തുകെട്ടിക്കിടക്ക

ണം! കോടതി മാനനഷ്ടക്കേസ് വിചാരണ നടത്തുന്നത് രഹസ്യ (ഇൻ ക്യാമറ)മായിട്ടാവാം. അപ്പോൾ കോടതിയുടെ അനുവാദമില്ലാതെ വിചാരണയുടെ വിവരം ഒരിടത്തും പ്രസിദ്ധീകരിച്ചുകൂടാ. സാധാരണയായി രാജ്യരക്ഷയെയോ അയൽദേശങ്ങളുമായുള്ള ബന്ധത്തെയോ ബാധിക്കുന്ന ഗൗരവമേറിയ കേസ്സുകളോ വിവാഹമോചനക്കേസ്സുകളോ ഒക്കെയാണ് രഹസ്യമായി വിചാരണചെയ്യാറുള്ളത്. ഒരു ഉദ്യോഗസ്ഥന്റെ (അല്ലെങ്കിൽ മന്ത്രിയുടെ അല്ലെങ്കിൽ പൊതുപ്രവർത്തകന്റെ) മാനഹാനി സംബന്ധിച്ച കേസ് എന്തിനു രഹസ്യമായി വിചാരണചെയ്യണം? വിചാരണയിൽ വെളിപ്പെടുന്ന വിവരങ്ങൾ എന്തിന് പൊതുജനങ്ങളിൽനിന്നു മറച്ചുവെക്കണം?

മാനനഷ്ടക്കേസ് വിചാരണ 'സമ്മറി' ആയിട്ടുമാവാം. ഇതിനർത്ഥം സാക്ഷിമൊഴികൾ രേഖപ്പെടുത്തുകയോ വിശദമായി വിധിന്യായം എഴുതുകയോ ജഡ്ജി അതു കോടതിയിൽ പരസ്യമായി വായിക്കുകയോ ഒന്നും വേണ്ടതില്ല എന്നാണ്. ചുരുക്കത്തിൽ പഴയ നാട്ടുവാഴികൾ ചെയ്തിരുന്നതിൽ നിന്നു വളരെയൊന്നും വ്യത്യസ്തമല്ലാത്ത നിലയിൽ കേസ്സിന്റെ വിചാരണ നടത്താനും ശിക്ഷ വിധിക്കാനും മാനനഷ്ടബിൽ വ്യവസ്ഥചെയ്യുന്നു. ഇതിന്റെ ആവശ്യമെന്ത്?

ഈ കുറ്റവിചാരണയിൽ ഒരു ആവലാതിയും അതോടൊപ്പം തനിക്കെതിരായി പ്രതി ചെയ്ത കുറ്റത്തെപ്പറ്റി വിശദമായ ഒരു അഫിഡവിറ്റും കോടതിക്കു സമർപ്പിക്കുന്നതോടെ വാദിയുടെ ഉത്തരവാദിത്തം തീർന്നു. താൻ വാദിക്കെതിരെ നടത്തിയ ആരോപണം സത്യമാണെന്നും ആ ആരോപണം താൻ പ്രസിദ്ധീകരിച്ചത് പൊതുജനനന്മക്കുവേണ്ടിയാണെന്നും അങ്ങനെ പ്രസിദ്ധീകരിച്ചതുകൊണ്ടു പൊതുജനനന്മയുണ്ടായെന്നത് സത്യമാണെന്നും തെളിയിക്കേണ്ട ബാദ്ധ്യത ഇവിടെയും പ്രതിക്കാണ്. ഒരാൾ ഒരു കുറ്റം ചെയ്തതായി സ്ഥാപിക്കപ്പെടുംവരെ അയാളെ നിരപരാധിയായി പരിഗണിക്കണമെന്ന ക്രിമിനൽ നിയമത്തിലെ മൗലികസിദ്ധാന്തം ഇവിടെയും ലംഘിക്കപ്പെട്ടിരിക്കുന്നു.

മാനനഷ്ടബിൽ ഇതേ രൂപത്തിൽ നിയമമായിത്തീരുന്നപക്ഷം ഏതെങ്കിലും ഉദ്യോഗസ്ഥനോ മന്ത്രിക്കോ രാഷ്ട്രീയനേതാവിനോ അവരുടെ സിൽബന്തികൾക്കോ എതിരായ ഒരു ആരോപണവും ഉന്നയിക്കുവാൻ പത്രപ്രവർത്തകർക്കോ പൊതുപ്രവർത്തകർക്കോ കഴിയാതാവും. കാരണം, ഉദ്യോഗസ്ഥന്മാരുടെയോ മന്ത്രിമാരുടെയോ മറ്റ് അധികൃതരുടെയോ അവരുടെ ശിങ്കിടികളുടെയോ അഴിമതികൾ സംബന്ധിച്ച രേഖകൾ സർക്കാരിന്റെ കൈവശമേ ഉണ്ടാവൂ. അവ ഹാജരാക്കാൻ സർക്കാരിനല്ലാതെ വേറെ ആർക്കും സാദ്ധ്യമായെന്നുവരികയില്ല.

ഇങ്ങനെയൊരു മാനനഷ്ടനിയമം ഇല്ലാതിരുന്നിട്ടും ഇന്ത്യയിൽ മാനവും മര്യാദയും ഇന്നോളം പുലർന്നുവന്നിട്ടുണ്ടെന്നതാണു പ്രധാനമായ മറ്റൊരു കാര്യം. സൈനികാവശ്യങ്ങൾക്കായി മുങ്ങിക്കപ്പലുകളും, പീരങ്കികളും, ഒ. എൻ. ജി. സി.ക്ക് പൈപ്പുകളും മറ്റും വാങ്ങിയപ്പോൾ ചിലർ വൻതോതിൽ കൈക്കൂലി വാങ്ങുകയുണ്ടായി എന്ന ആരോപണം അടുത്തകാലത്ത് ഉണ്ടായിട്ടുണ്ട്. ഈ ആരോപണങ്ങൾ തെളിയിക്കുവാൻ സഹായിക്കുന്നതിനു പകരം അവ മൂടിവെക്കാനാണ് കേന്ദ്ര ഗവണ്മെന്റ് ശ്രമിക്കുന്നതെന്നും പരക്കെ വിശ്വസിക്കപ്പെടുന്നു. അസൗകര്യപ്രദങ്ങളായ ഇത്തരം ആരോപണങ്ങൾ ഭാവിയിൽ ഉണ്ടാകാതെ നോക്കാനാണ് ഇപ്പോൾ മാനനഷ്ടബില്ല് മുൻകൂട്ടി പ്രസിദ്ധപ്പെടുത്താതെ ലോകസഭയിൽ അവതരിപ്പിച്ച് ധൃതിപിടിച്ച പാസ്സാക്കിയെടുത്തതെന്ന ധാരണ അടിസ്ഥാനമില്ലാത്തതല്ല.

1988–ലെ മാനനഷ്ടബില്ല നിയമമായിക്കൂടാ എന്ന് ഇത്രയും പറഞ്ഞതിൽനിന്നു വ്യക്തമായല്ലോ. അതു് പിൻവലിക്കുന്നതിനുള്ള വിവേകം കേന്ദ്രഗവണ്മെന്റിനും കേന്ദ്രഗവൺമെന്റിനെ നയിക്കുന്ന കോൺഗ്രസ്പാർട്ടി

ക്കം ഉണ്ടാകുംവരെ ബില്ലിനെതിരായ പ്രക്ഷോഭണം തുടർന്നുനടക്കുകതന്നെ വേണം. ഇതു പത്രക്കാരെമാത്രം ബാധിക്കുന്ന ഒരു കാര്യമല്ല. ഇന്ത്യയിലെ ജനാധിപത്യത്തിന്റെ നിലനിൽപ്പ് ഈ പ്രശ്നത്തെ ആശ്രയിച്ചിരിക്കുന്നു. ഇതിൽ ഒരു വിട്ടുവീഴ്ചയ്ക്കും ഇടമില്ല.

(12, സെപ്തംബർ 1988)

# 38. സ്ത്രീമുക്തി

കേരളത്തിൽ ഇന്നു (ജനവരി 23–ാം തീയതി) നടക്കുന്ന പഞ്ചായത്ത്–മുനിസിപ്പൽ തെരഞ്ഞെടുപ്പുകളിൽ 11,447 വാർഡുകളിലേക്കുള്ള 37,000-ത്തോളം സ്ഥാനാർത്ഥികളിൽ 5752 പേർ സ്ത്രീകളാകുന്നു. പഞ്ചായത്തുകളിൽ 1998 സീറ്റുകൾ സ്ത്രീകൾക്കു സംവരണം ചെയ്തവയാണ്. അതിനാൽ അത്രയും സ്ത്രീകൾ എങ്ങനെയായാലും നമ്മുടെ പ്രാഥമിക ജനാധിപത്യസംവിധാനത്തിൽ പങ്കാളികളായി ഉണ്ടാവും. കൂടുതൽ സ്ത്രീകൾ തെരഞ്ഞെടുക്കപ്പെട്ടാൽ അവരുടെ യോഗ്യതയിൽ വോട്ടർമാർക്കുള്ള മതിപ്പിന്റെ പ്രകടനമായിരിക്കും ആ തെരഞ്ഞെടുക്കൽ.

തെരഞ്ഞെടുപ്പിനു സ്ഥാനാർത്ഥികളായി മത്സരിക്കുന്ന പുരുഷന്മാരിലെന്നപോലെ സ്ത്രീകളിലും പലരും പൊതുക്കാര്യങ്ങളിൽ യഥാർത്ഥ താല്പര്യമില്ലാത്തവരോ, തൽക്കാലത്തെ ആവേശംമൂലം രംഗത്തിറങ്ങിയവരോ, അധികാരത്തിൽ മാത്രം കണ്ണു നട്ടവരോ ആയിക്കൂടെന്നില്ല. എങ്കിലും, സ്വന്തം കുടുംബത്തിന്റെ സങ്കുചിത പരിധിക്കപ്പുറത്ത് വിശാലമായ സമൂഹത്തിൽ നടക്കുന്ന കാര്യങ്ങളിൽ കുറെയെങ്കിലും താല്പര്യവും, ഈ കാര്യങ്ങൾ ഇന്നു നടന്നുവരുന്ന സമ്പ്രദായത്തിൽ കുറെയൊക്കെ അതൃപ്തിയും, അവ നേർവഴിക്കു തിരിച്ചുവിടുന്നതിൽ ഫലപ്രദമായ പങ്കു വഹിക്കുവാൻ തങ്ങൾക്കു സാധിക്കുമെന്ന ആത്മവിശ്വാസവും സ്ഥാനാർത്ഥികളായ സ്ത്രീകളിൽ വളരെ വലിയ ഒരു വിഭാഗത്തിന് ഉണ്ടായിരിക്കാതെ വയ്യ.

രണ്ടു വിധത്തിൽ പ്രാധാന്യമുള്ള ഒരു സംഗതിയാണ് തെരഞ്ഞെടുപ്പുരംഗത്ത് ഇത്രയധികം സ്ത്രീകളുടെ പ്രത്യക്ഷപ്പെടൽ.

പരമാധികാരം ജനങ്ങളിൽ നിക്ഷിപ്തമായിരിക്കുന്ന ഭരണവ്യവസ്ഥയാണല്ലോ ജനാധിപത്യം. ജനങ്ങൾ പരമാധികാരം കൈയാളുന്നത് തെരഞ്ഞെടുക്കപ്പെട്ട പ്രതിനിധികളിലൂടെയാകുന്നു. ജനസംഖ്യയിൽ അമ്പതു ശതമാനത്തിലേറെ സ്ത്രീകളാണ്. അതിനാൽ തെരഞ്ഞെടുക്കപ്പെടുന്ന പ്രതിനിധികളിൽ പകുതിയിലേറെ സ്ത്രീകളായിരിക്കുന്നതാണ് സ്വാഭാവികം. പാർലമെന്റിലെയും സ്റ്റേറ്റ് നിയമസഭകളിലെയും കാര്യമാണ് ഇപ്പറഞ്ഞത്. ഇവയ്ക്കു താഴെ ജില്ലാകൗൺസിൽ, മുനിസിപ്പാലിറ്റി, പഞ്ചായത്ത്, സഹകരണസംഘങ്ങൾ, സ്കൂൾകമ്മിറ്റികൾ, തൊഴിൽസംഘടനകൾ, സാമൂഹ്യസംഘടനകൾ, അദ്ധ്യാപക–രക്ഷാകർത്തൃസംഘടനകൾ, ഗ്രന്ഥശാലാസംഘങ്ങൾ, സാക്ഷരതാപ്രചാരസംഘങ്ങൾ തുടങ്ങിയ 'തൃണമൂലതലം' (ഗ്രാസ്റൂട്ട് ലെവൽ) എന്നു വിളിക്കപ്പെടുന്ന ജനാധിപത്യത്തിന്റെ അതിവിപുലമായ ഒരു തലമുണ്ട്. ജനാധിപത്യത്തെ ഒരു ജീവിതസമ്പ്രദായം, ഒരു സംസ്കാരം ആക്കിത്തീർക്കുന്നത് ഈ തലത്തിലുള്ള ഊർജസ്വലവും ആദർശഭാസുരവുമായ പ്രവർത്തനമാകുന്നു. ഈ തലത്തിൽ പുരുഷന്മാരെക്കാൾ കൂടുതൽ നിരന്തരമായും ഫലപ്രദമായും ചൈതന്യപൂർണമായും പ്രവർത്തിക്കാൻ സ്ത്രീകൾക്കു കഴിയും. അവർ അങ്ങനെ പ്രവർത്തിക്കുകയും വേണം. ഓരോ വീട്ടമ്മയും രാഷ്ട്രീയകാര്യങ്ങളിൽ സക്രിയമായി ഇടപെട്ടു പ്രവർത്തിക്കുമ്പോഴേ സോഷ്യലിസം നില